## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2242 09.03.2018-ൽ മറുപടിക്ക്

### ആദിവാസികളുടെ ക്ഷേമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പാലക്കാട് കടുകുമണ്ണ ട്രൈബൽ ഹാംലെറ്റിലെ പാവപ്പെട്ട ആദിവാസി യുവാവ് മധുവിനെ വിശപ്പടക്കുവാൻ അരി മോഷ്ടിച്ചുവെന്ന കാരണത്താൽ കെട്ടിയിട്ട് മർദ്ദിച്ച് കൊന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | മധുവിനെ ഒരു സംഘം ആളുകൾ മർദ്ദിച്ച് കൊലപ്പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ആദിവാസി യുവാവിന്റെ മരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | അട്ടപ്പാടിയിൽ കടുകുമണ്ണ ഊരിൽ മല്ലി W/o (Late) മല്ലൻ എന്നവരുടെ മകൻ ഏകദേശം 27 വയസ്സുള്ള മധു എന്ന മാനസികാസ്വാസ്ഥ്യമുള്ള യുവാവിനെ മോഷണ കുറ്റം ആരോപിച്ച് ഒരു സംഘം ആളുകൾ 22.02.2018-ന് ഉച്ചയ്ക്ക് 2 മണിയോടെ കാട്ടിൽ ഇയാൾ താമസിക്കുന്ന സ്ഥലത്ത് ചെന്ന് പിടിച്ചുകെട്ടി മർദ്ദിക്കുകയും പിന്നീട് മുക്കാലി എന്ന സ്ഥലത്ത് വെച്ച് പോലീസിൽ ഏൽപ്പിക്കുകയും ചെയ്തിരുന്നു. അഗളി പോലീസ് സ്റ്റേഷനിൽ എത്തുന്നതിന് മുൻപ് തന്നെ അവശനായിരുന്ന ശ്രീ. മധുവിനെ അഗളി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ എത്തിച്ചുവെങ്കിലും മരണമടഞ്ഞിരുന്നു. മാനസിക അസ്വാസ്ഥ്യമുള്ള ശ്രീ. മധുവിനെ ഇതിനു മുമ്പ് ചികിത്സയ്ക്ക് വിധേയനാക്കുവാൻ ശ്രമിച്ചെങ്കിലും ടിയാൻ വീട്ടിൽ പോകാത്തതിനാൽ ബന്ധുക്കൾ ആരും വരാൻ തയ്യാറല്ലായിരുന്നു. മധു സ്വന്തം വീട്ടിൽ നിന്നും അകന്ന് കഴിയുന്നതിനാലും സ്ഥിരമായി ഒരു സ്ഥലത്ത് അല്ല താമസിക്കുന്നത് എന്നതിനാലും ഭക്ഷ്യവസ്തുക്കൾ നൽകുന്നതിനും പ്രയാസമായിരുന്നു. ടിയാന്റെ സഹോദരി സരസു മേലെ ഉട്ടക്കിയിലെ അംഗൻവാടിയിൽ ടീച്ചറാണ്. മറ്റൊരു സഹോദരി ചന്ദ്രികയുടെ ഭർത്താവ് മണ്ണാർക്കാട് സ്റ്റാറ്റിസ്റ്റിക്സ് അസിസ്റ്റന്റാണ്. ശ്രീ. മധു സഹോദരി ചന്ദ്രികയുടെ വീട്ടിൽ വന്ന് |

| | | | |
|---|---|---|---|
| | | | ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുമായിരുന്നുവെങ്കിലും ആരോടും സംസാരിക്കാറില്ലായിരുന്നു. ഇതേ സമയം പ്രതിപട്ടികയിൽ ഉണ്ടായിരുന്ന 16 പേരെയും അഗളി പോലീസ് വിവിധ സ്ഥലങ്ങളിൽ നിന്നായി അറസ്റ്റ് ചെയ്യുകയും കോടതി റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമങ്ങൾ തടയൽ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ശ്രീ. മധുവിന്റെ ആശ്രിതർക്ക് അർഹതപ്പെട്ട രൂപ 8,25,000/-ന്റെ ആദ്യ ഗഡുവായ രൂപ 4,25,000/- ന്റെ ട്രഷറി ചെക്ക് ശ്രീ. മധുവിന്റെ അമ്മയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) | ആദിവാസികൾക്ക് ആവശ്യമായ ഭക്ഷ്യ സാധനങ്ങൾ എത്തിച്ച് നൽകുന്നതിന് സർക്കാർ സംവിധാനങ്ങൾക്ക് സാധിക്കുന്നില്ല എന്നതിന്റെ തെളിവായി ഈ യുവാവിന്റെ മരണത്തെ വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ; | സി) | ഇല്ല. മധുവിന്റെ വീട്ടിലേക്ക് സ്ഥിരമായി റേഷൻ സംവിധാനം വഴിയും ഭക്ഷ്യസഹായ പദ്ധതി വഴിയും ആവശ്യമായ ഭക്ഷണസാമഗ്രികൾ പതിവായി എത്തിക്കുന്നുണ്ട്. ഇതിന് പുറമെ കമ്മ്യൂണിറ്റി കിച്ചൺ പരിപാടിയിൽ സ്ഥിരമായി ഒരു നേരം പാകം ചെയ്ത ഭക്ഷണം നൽകുന്ന പദ്ധതിയും ഇവിടെ നടത്തി വരുന്നുണ്ട്. എന്നാൽ മധു കുറെക്കാലമായി സ്വന്തം വീട്ടിൽ പോകാതിരിക്കയാലും, വിവിധ വകുപ്പുകളുടെ ഫീൽഡ്തല നിരീക്ഷണത്തിന് പിടികൊടുക്കാതെ ഉൾവനത്തിൽ മാറി മാറി താമസിച്ച് വരുന്നതിനാലും ഭക്ഷ്യസാധനങ്ങൾ പ്രായോഗികമായി എത്തിക്കുന്നത് പ്രയാസകരമാണ്. |
| ഡി) | ആദിവാസി യുവാവിന്റെ മരണത്തിന്റെ പശ്ചാത്തലത്തിൽ ഈ മേഖലയിലെ ട്രൈബൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ഡി) | ശ്രദ്ധയിൽ വന്നിട്ടില്ല. അത്തരമൊരു പ്രശ്നം ഉയർന്നാൽ പരിശോധിക്കുന്നതാണ്. |
| ഇ) | ഈ മേഖലയിലെ ആദിവാസികളുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | ഇ) | ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## ഭവനം

- അട്ടപ്പാടിയിൽ 2011-12 മുതൽ ആകെ അനുവദിച്ച 3672 ഭവനങ്ങളിൽ 360 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 174 എണ്ണം ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിച്ചവയാണ്. ശേഷിക്കുന്ന വീടുകൾ വിവിധ ഘട്ടങ്ങളിലാണ്. 2016-17 ൽ 466 പുതിയ വീടുകളും അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായി 2016-17 മുതൽ ആകെ 14.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ഭൂമി

- 2017-18 സാമ്പത്തിക വർഷം 517 പേർക്ക് 483 ഏക്കർ നിക്ഷിപ്ത വനഭൂമി അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് നൽകി.
- എഫ്.ആർ.എ പ്രകാരം 43 പേർക്ക് കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൈവശരേഖ ഉടൻ നൽകുന്നതായിരിക്കും.

## ആരോഗ്യം

- കോട്ടത്തറയിലെ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, അഗളി സി.എച്ച്.സി, പുതൂർ ആനക്കട്ടി പി.എച്ച്.സി.കൾ, 28 സബ് സെന്ററുകൾ തുടങ്ങിയവയാണ് നിലവിൽ അട്ടപ്പാടിയിലെ ആരോഗ്യ കേന്ദ്രങ്ങൾ. ഇവിടങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ നൽകിവരുന്നു. കൂടാതെ ഐ.റ്റി.ഡി.പി ഓഫീസുമുഖേനയും ചികിത്സാ ധന സഹായം നൽകിവരുന്നു. 2017-18 ൽ നൽകിയ വിവരം ചുവടെ ചേർക്കുന്നു.
    - ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ (ജി.റ്റി.എസ്.എച്ച്)- 1.25 കോടി രൂപ
    - ഐ.റ്റി.ഡി.പിക്ക് -70.00 ലക്ഷം രൂപ
    - കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്- 1.81 കോടി രൂപ.
- ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റു വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.
    - അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് 31 (2013) എന്നത് 14 (2017) എണ്ണമായി കുറഞ്ഞിട്ടുണ്ട്.
    - അബോർഷൻ കേസുകൾ 77(2013) എന്നത് 24 (2017) ആയി കുറഞ്ഞിട്ടുണ്ട്.
    - ഹോംഡെലിവറി 64(2013) ൽ നിന്ന് 5 (2017) ആയി കുറഞ്ഞിട്ടുണ്ട്.
    - ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013) ൽ നിന്ന് 7 (2017) ആയി കുറഞ്ഞിട്ടുണ്ട്.
    - സിവിയർ അക്യൂട്ട് മാൽന്യൂട്രീഷൻ 299 (2013) ൽ നിന്ന് 26 (2017) ആയി കുറഞ്ഞിട്ടുണ്ട്.
- പോഷകാഹാരകുറവുള്ള കുട്ടികളേയും ഗർഭിണികളേയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തി വരുന്നുണ്ട്.
- സിക്കിൾസെൽ അനീമിയ ബാധിതർക്കുള്ള ധന സഹായം
    - 2016-17 -102 രോഗികൾക്ക് 24.64 ലക്ഷം രൂപ
    - 2017- 18-116 രോഗികൾക്ക് 44.54 ലക്ഷം രൂപ (**2017-18 സാമ്പത്തിക വർഷത്തിൽ പ്രതിമാസ ആനുകൂല്യം 1,000/- രൂപയിൽ നിന്ന് 2,500/- രൂപയായി വർദ്ധിപ്പിച്ചു**).
- **ജനനി ജന്മരക്ഷ പദ്ധതി**
    - 2016-17- 1027 വനിതകൾക്ക്-150 ലക്ഷം രൂപ
    - 2017-18 - 576 വനിതകൾക്ക് 93.34 ലക്ഷം രൂപ

- **മില്ലറ്റ് വില്ലേജ് പദ്ധതി** എന്ന പദ്ധതി കൃഷി വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനായി 6.87 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 4.87 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതവും 2.00 കോടി രൂപ കൃഷി വകുപ്പിന്റെ വിഹിതവുമാണ്. ഇതിന്റെ ആദ്യ ഗഡുവായി 48.50 ലക്ഷം രൂപ കൃഷി വകുപ്പിന് അനുവദിച്ചു നൽകി.
- **ഭക്ഷ്യസഹായ പദ്ധതി**
  - 2016-17 –11,000 കുടുംബങ്ങൾക്ക് 1.80 കോടി രൂപ
  - 2017-18– ഏറ്റവും അർഹതപ്പെട്ട 4000 കുടുംബങ്ങൾക്ക് 1.22 കോടി രൂപ (3 തവണ)
- **കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി** –പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 4.84 കോടി രൂപയും, സാമൂഹിക നീതിവകുപ്പ് മുഖേന 3.00 കോടി രൂപയും ചെലവഴിച്ച് എല്ലാ പട്ടികവർഗ്ഗ ഊരുകളിലും പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുന്ന രീതിയിൽ 172 കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കുകയും 15,000 ത്തോളം പട്ടികവർഗ്ഗക്കാർക്ക് ടി പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## വിദ്യാഭ്യാസം

- അട്ടപ്പാടിയിൽ നിലവിൽ വകുപ്പിന്റെ കീഴിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും 16 പ്രീമെട്രിക് ഹോസ്റ്റലുകളും ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റലും പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഗുണഫലം 1586 വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ട്. നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനങ്ങൾക്കായി 1.53 കോടി രൂപ അനുവദിച്ചിട്ടുണ്ട്.
- പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യമായി 2017–18 വർഷത്തിൽ 713 കുട്ടികൾക്കായി. 69.22 ലക്ഷം രൂപ അനുവദിച്ചു.
- പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യമായി 2017–18 വർഷത്തിൽ 5176 കുട്ടികൾക്കായി 1.42 കോടി രൂപ അനുവദിച്ചു.
- ഉയർന്ന പഠന നിലവാരം പുലർത്തുന്ന 54 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അസിസ്റ്റൻസ് ടു ബ്രില്ല്യന്റ് സ്റ്റുഡന്റ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോത്സാഹന ധനസഹായമായി 1.95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- അട്ടപ്പാടിയിൽ ഒരു പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളും 2 പോസ്റ്റ്മെട്രിക് ഗേൾസ് ഹോസ്റ്റലുകളും ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചു. ഒരു പോസ്റ്റ്മെട്രിക് ഗേൾസ് ഹോസ്റ്റൽ ഈ വർഷം വാടക കെട്ടിടത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- അട്ടപ്പാടി മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്ലസ് ടു ബ്ലോക്കിന്റെ 90% സിവിൽ വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
- സൈനിക സ്കൂളിലേയ്ക്കും നവോദയ വിദ്യാലയത്തിലേയ്ക്കും പ്രവേശനത്തിനായി 100 കുട്ടികളെ വകുപ്പ് പരിശീലിപ്പിക്കുന്നു. 2016–17 വർഷത്തിൽ 4 കുട്ടികൾക്ക് സൈനിക സ്കൂളിലേയ്ക്കും 5 കുട്ടികൾക്ക് നവോദയ വിദ്യാലയത്തിലേയ്ക്കും പ്രവേശനം ലഭിച്ചു. 2017–18 ൽ 18 കുട്ടികൾക്ക് സൈനിക സ്കൂളിലേയ്ക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്.
- **സാമൂഹ്യ പഠനമുറി** – കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഊരിൽ തന്നെ ആധുനിക രീതിയിലുള്ള പഠന സൗകര്യങ്ങൾ (കംപ്യൂട്ടർ, ഇന്റർനെറ്റ് എന്നിവ ഉൾപ്പെടെ) ഉറപ്പുവരുത്തിക്കൊണ്ട് 15 സാമൂഹ്യപഠനമുറികൾ അട്ടപ്പാടിയിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു. അടുത്ത അദ്ധ്യയന വർഷം പ്രവർത്തന ക്ഷമമാകും.
- **ഗോത്രവാത്സല്യ നിധി** – പെൺകുട്ടികളുടെ പഠനവും, സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി 18 വയസ്സ് പൂർത്തിയാകുമ്പോൾ ആനുകൂല്യം ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ 2017ഏപ്രിൽ 1 ന് ശേഷം ജനിച്ച 35 പെൺകുട്ടികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. തുക എൽ.ഐ.സിക്ക് കൈമാറിയിട്ടുണ്ട്.

- **ഗോത്രബന്ധു**– കുട്ടികളുടെ കൊഴിഞ്ഞുപോക്കു തടയുന്നതിനും ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും വയനാട് ജില്ലയിൽ 241 സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ച മാതൃകയിൽ അട്ടപ്പാടിയിലെ 26 പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.1643 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.
- ആദിവാസി സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി അട്ടപ്പാടിയിലെ 15 സാമൂഹ്യ പഠന മുറികളിലായി അടുത്ത അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.
- **ഗോത്രസാരഥി പദ്ധതി**– വിദൂര ഊരുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം (15 സ്കൂളുകളിൽ) ഏർപ്പെടുത്തി.
    - 2016-17 – 47.92 ലക്ഷം രൂപ
    - 2017-18 – 64.64 ലക്ഷം രൂപ
- **കൈത്താങ്ങ് പദ്ധതി** – അനാഥരായ പട്ടികവർഗ്ഗ കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്ന കൈത്താങ്ങ് പദ്ധതിയിൽ ഉൾപ്പെടുത്തി അട്ടപ്പാടി മേഖലയിലെ 126 കുട്ടികൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. 2016-17, 2017-18 വർഷങ്ങളിൽ 10.8 ലക്ഷം രൂപ വീതം അനുവദിച്ചു.

## സ്വയം തൊഴിലും നൈപുണ്യവികസനവും

- പട്ടികവർഗ്ഗ വനിതകൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനായി അട്ടപ്പാടിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു. ഒരേ സമയം 250 വനിതകൾക്ക് ജീവനോപാധി നൽകുന്നതിനായി 2.55 കോടി രൂപയുടെ പദ്ധതി 2018 മാർച്ച് മാസത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.
- അട്ടപ്പാടി കോപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി (ചിണ്ടക്കി സ്കൂളിന്റെ നടത്തിപ്പ് ഉൾപ്പെടെ) നടപ്പു സാമ്പത്തിക വർഷം 1.33 കോടി രൂപ അനുവദിച്ചിട്ടുണ്ട്
- നൈപുണ്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യ മുഖേന 50 പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് ഡി.സി.എ. കോഴ്സ് ആരംഭിക്കുന്നതിനായി 38.25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- കെട്ടിട നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെൻഡറി, പ്ലംബിംഗ്, ഇലക്ട്രീഷൻ എന്നീ ട്രേഡുകളിൽ 90 പേർക്ക് പരിശീലനം നൽകി.
- പി.എസ്.സി ഉൾപ്പെടെയുള്ള മത്സര പരീക്ഷകൾക്കായി 60 പേർക്ക് പരിശീലനം നൽകി 400 പേർക്ക് ട്രെയിനിംഗ് മെറ്റീരിയൽസ് നൽകി.
- പട്ടികവർഗ്ഗ ഘടക പദ്ധതിക്കായുള്ള പ്രത്യേക കേന്ദ്രസഹായം പദ്ധതിയിലുൾപ്പെടുത്തി കാർഷിക മേഖലയിലും മൃഗ സംരക്ഷണമേഖലയിലും ജീവനോപാധി പ്രവർത്തനങ്ങൾക്കായി 112 പേർക്ക് 1.00 കോടി രൂപ 2016-17 ൽ അനുവദിച്ചു പദ്ധതി പൂർത്തീകരിച്ചു. 2017-18 ൽ പദ്ധതി നടപ്പിലാക്കുന്നതിനായി 99.08 ലക്ഷം രൂപ അനുവദിച്ചു.

## അടിസ്ഥാന സൗകര്യ വികസനം

- അട്ടപ്പാടിയിലെ പട്ടികവർഗ്ഗ കോളനികളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 2016-17 ൽ 49.98 ലക്ഷം രൂപയും 2017-18 ൽ 53.39 ലക്ഷം രൂപയും അനുവദിച്ചു പദ്ധതി പൂർത്തിയായി വരുന്നു.
- **അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി**യിൽ 1.00 കോടി രൂപ വീതം ചെലവഴിച്ച് അടിസ്ഥാനസൗകര്യ വികസനത്തിൽ ഉൾപ്പെടുത്തി 9 കോളനികളെ (ഗലസി, മേലെതുടുക്കി, താഴെതുടുക്കി, മുതിക്കുളം, കല്ലക്കര, വീട്ടികുണ്ട്, ചിണ്ടക്കി, കാവുണ്ടിക്കൽ, ഭൂതിവഴി) തെരഞ്ഞെടുത്ത് ഡി.പി.ആർ തയ്യാറാക്കി വരുന്നു.
- 2016-17 സാമ്പത്തിക വർഷം അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി കോർപ്പസ് ഫണ്ടിൽ നിന്നും 2.82 കോടി രൂപ അനുവദിച്ച് പദ്ധതി

പൂർത്തീകരിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ 3.20 കോടി രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

## മറ്റു ക്ഷേമ പ്രവർത്തനങ്ങൾ

- 2016-17 സാമ്പത്തിക വർഷം അട്ടപ്പാടി മേഖലയിലെ അർഹരായ 6 പട്ടിക വർഗ്ഗ വനിതകൾക്ക് 50,000/- രൂപ നിരക്കിൽ വിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 7 പട്ടിക വർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം നാളിതുവരെ അനുവദിച്ചിട്ടുണ്ട്.
- അട്ടപ്പാടിയിൽ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു അഗതി മന്ദിരം പ്രവർത്തിക്കുന്നു. ഇതിലെ 7 അന്തേവാസികൾക്കായി 8.65 ലക്ഷം രൂപ അനുവദിച്ച് നൽകി.